ണ്ം. ഈ സ്കീമിനു് മുടവിൽ എല്ലാംകൂടി ഫ 0 ലക്ഷം രൂപ ആകും. ഇപ്പോൾ ഫ൯ ലക്ഷം രൂപായാണു് ഈ പണിയ്ക്കുള്ള എസ്റ്റിമേറു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഫ 0 ലക്ഷം രൂപ ഇതിനുവേണ്ടി വരുമെന്നാണോ പറയുന്നതു്?

ശ്രീ. എൽ. എം. പൈലി: ഇപ്പോൾ ഫ 0 ലക്ഷത്തിനാണു് അഭ്യർത്ഥിക്കുന്നതു്. ഇതു വലിയൊരു സംഖ്യ ചിലവാക്കേണ്ടിവന്നിരിക്കുന്നതിനാൽ ഈ സ്ഥലത്തിൽ പകുതി വില്ക്കുക, പകുതി സാധുക്കളുടെ ഉപയോഗത്തിനായിട്ടു് കൊടുക്കുക എന്നുള്ള നിലയിൽ പ്രവർത്തിക്കുവാനാണു് ഗവണ്മെൻറു് ഉദ്ദേശിക്കുന്നതു്.

Sri. Elias Mary Antony: Do the Government propose to sell the 20 acres of land on public auction?

ശ്രീ. എൽ. എം. പൈലി: ഫ 0 ഏക്കറാണു് ലേലത്തിൽ വില്ക്കുവാൻ വച്ചിട്ടുള്ളതു്.

Sri. Elias Mary Antony: Then, do the Government expect that the poor will be able to buy that?

ശ്രീ. എൽ. എം. പൈലി: തീരെ സാധുക്കളെക്കൊണ്ടു് അതു് വാങ്ങുവാൻ സാദ്ധ്യമല്ല.

The question that Government be granted a sum of Rs. 10,00,000 under Demand XXXVII—Capital Account of Civil Works outside the Revenue Account—was put and carried.

The grant was made.

Demand XL—Capital Outlay on Schemes of Government Trading—Rs. 1,0,000/

Minister for Finance and Food **(Sri. K. M. Korah)**: Sir, I move for a supplementary grant of Rs. 1,00,000 under Demand XL—under Head 87 Capital Outlay on Schemes of Government Trading, (a) Grain Supply Scheme, (i) Establishment Charges (Depots).

The policy of the Government is to replace the wholesalers by Government agencies. Consistent with this policy Government have already sanctioned the opening of four depots in Shertallai, Tiruvalla, Kartikapalli and Karunagapallai. A staff is necessary for this purpose and an amount to the extent of Rs. 30,000 is roughly needed therefor. Government have also directed the Civil Supplies Commissioner to put forth proposals for opening three other depots in the Taluks of Vaikom, Mavelikara and Chirayinkil for which purpose an amount of Rs. 20,000 is needed. A further sum of Rs. 50,000 is required for extending the scheme to the remaining taluks in the whole State of Travancore-Cochin. I may also bring to the notice of the House that the scheme is a profitable one. I hope the House would readily grant this demand.

ശ്രീ. എ. കെ. പാപ്പുപിള്ള: സർ, ബഹു. ക്ഷ്യമന്ത്രിയുടെ പ്രായോഗിക ബുദ്ധി ഞാൻ താഴെ പറയുന്ന കാര്യത്തിലേക്കു് ക്ഷണിച്ചുകൊള്ളുന്നു. നിലവിലിരിക്കുന്ന പ്രൈവറ്റു് ഹോൾസെയിൽ ഡിപ്പോകളെ നിർത്തലാക്കിയിട്ടു് അതു മുഴുവൻ ഗവണ്മെൻറു് ഏറ്റെടുക്കാൻ പോകുന്ന ഒരു സ്കീമാണല്ലോ ഈ സപ്ലിമെൻററി ഡിമാൻഡു് അവതരിപ്പിക്കാൻ കാരണമായിട്ടുള്ളതു്. റീട്ടെയിൽ കച്ചവടക്കാർ ഹോൾസെയിൽകാരിൽ നിന്നും വാങ്ങികൊണ്ടുവരുന്ന ധാന്യങ്ങൾ ശരിയായ അളവിൽ കാർഡു് ഉടമസ്ഥന്മാർക്കു് നൽകിവരുന്നില്ല. കാരണം റീട്ടെയിലുകാർ ആഭ്യന്തരം (അതായതു് നാട്ടിൻപുറങ്ങളിലെ സംഗതിയാണു് ഞാൻ പറയുന്നതു്) താലൂക്കു് ട്രഷറിയിൽ പണമടക്കുകയും അവിടെനിന്നും അ

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. K. Patchu Pillai]

താറിട്ടി വാങ്ങിക്കൊണ്ടു് ഹോൾസെയിൽ ഡിപ്പോയിൽ ചെന്നു ധാന്യം കൊണ്ടുവരികയുമാണു് പതിവു്. ചില അവസരങ്ങളിൽ അതാറിട്ടിയും വാങ്ങിക്കൊണ്ടു് ഡിപ്പോയിൽ ചെല്ലുമ്പോൾ അവിടെ സ്റ്റാക്കു കുറവായിരിക്കും. തന്മൂലം അന്നത്തെ യാത്രച്ചെലവു് അവർക്കു് നഷ്ടമാണു്. ഈ നഷ്ടം നികത്തുന്നതു ഞാൻ മുമ്പു പറഞ്ഞ രീതിയിൽ ഉപഭോക്താക്കൾക്കു് അളവിൽ കുറച്ചുകൊടുക്കുകയാലാണു്. ഇപ്രകാരം റീട്ടെയിൽ കച്ചവടക്കാർക്കു് യാത്രച്ചെലവിനുവേണ്ടി നേരിടുന്ന നഷ്ടം മുഴുവനും ഉപഭോക്താക്കളുടെ തലയിൽ കെട്ടിവയ്ക്കും. അതുകൊണ്ടു് എനിക്കു് പറയാനുള്ളതു് താലൂക്കു ട്രഷറിയിൽ പണം അടക്കുന്നതിനു പകരം ഹോൾസെയിൽ ഡിപ്പോയിൽ പണം അടക്കുകയും അവിടെനിന്നും അവർ താലൂക്കിലേക്കു അയച്ചുകൊടുത്തു കൈമാറ്റം ചെയ്യുന്നതായാൽ റീട്ടെയിൽ കച്ചവടക്കാരനു് യാത്രച്ചെലവും മറ്റുചെലവുകളും കുറയും. ഞാൻ ഈ അഭിപ്രായം പറയുമ്പോൾ ഗവൺമെൻറുപക്ഷത്തുനിന്നും ഒരു പ്രതിഷേധം പുറപ്പെടുവിച്ചേക്കാം. അതായതു് ഈ ഒരു വ്യവസ്ഥ തുടരുന്നപക്ഷം ധാരാളം പണം ഹോൾസെയിൽ ഡിപ്പോയിൽ വന്നുചേരുകയും അവ മുഴുവനും സമയത്തിനു ട്രഷറിയിൽ അടയ്ക്കാൻ സാധിക്കാതെ വരികയും ചെയ്യുന്നതുകൊണ്ടു് പണസംബന്ധമായ കുഴപ്പങ്ങൾ നേരിടാൻ ഇടയുണ്ടെന്നും മറ്റും ഗവൺമെൻറു വിചാരിച്ചേക്കാം. അങ്ങനെയാണെങ്കിൽ ധാരാളം പണം കളക്ടുചെയ്തു് വളരെ ദിവസങ്ങൾ കഴിഞ്ഞു് ട്രഷറിയിൽ അടയ്ക്കുന്നതായ റവന്യൂ പാവ്ത്യകാരന്മാർ സെയിൽസ്ടാക്സ് ഉദ്യോഗസ്ഥന്മാർ മുതലായവർ പണസംബന്ധമായ കുഴപ്പങ്ങൾ വരുത്തുന്നില്ലല്ലോ. അതുപോലെ ടേണോവർ കൂടുകയാണെങ്കിൽ ഗവൺമെൻറിൽ നിന്നും ആവശ്യമെന്നു തോന്നുന്നപക്ഷം വലിയ ഡേമണിവച്ചു ഒരു ഉദ്യോഗസ്ഥനെ ഈ കാര്യത്തിൽ ഓരോ ഡിപ്പോയിലും നിയമിക്കുന്നതായാൽ ഗവൺമെൻറിനും തദ്ദ്വാരാ ജനങ്ങൾക്കും ഉപകാരമായിരിക്കും. യാതൊരു വിധത്തിലും ഗവൺമെൻറിനു നഷ്ടമുണ്ടാകാത്ത ഒരു കാര്യമാണു് ഞാൻ പറയുന്നതു്. നാട്ടിൻപുറങ്ങളിൽ ഹോൾസെയിൽ ഡിപ്പോകൾ വളരെ കുറവാണു്. അതുകൊണ്ടു് ഹോൾസെയിൽ ഡിപ്പോകൾ കുറെ അധികം സ്ഥാപിക്കുന്നതും കച്ചവടക്കാരുടെ ചൂഷണത്തിൽനിന്നും ജനങ്ങളെ രക്ഷിക്കാൻ പര്യാപ്തമാണു്. കഴിയുന്നത്ര കൂടുതൽ ഓരോ താലൂക്കിലും ഹോൾസെയിൽ ഡിപ്പോകൾ കൂട്ടുകയാണെങ്കിൽ ടേണോവർ സംഖ്യ കുറയ്ക്കാൻ സാധിക്കും. റേഷൻ വിതരണം സംബന്ധിച്ചു് നടത്തിവരുന്ന രീതി കുറെക്കൂടി സിമ്പിളിഫൈ ചെയ്തശേഷം ഇന്ന തരത്തിൽ മാത്രമെ നടത്താവൂ എന്നു് വ്യവസ്ഥചെയ്യുന്നതു് നന്നായിരിക്കും. വെറും സാങ്കേതികവും ഔദ്യോഗികവുമായ നിലയല്ലാ ഇതിൽ ഗവൺമെൻറു് സ്വീകരിക്കേണ്ടതു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, ഹോൾസെയിൽ ഡിപ്പോകളുടെ കുറവുകൊണ്ടു് പല നഷ്ടങ്ങളും ജനങ്ങൾ അനുഭവിച്ചുവരുന്നു. മാത്രമല്ല, റീട്ടെയിൽ കച്ചവടക്കാർ, തങ്ങൾക്കുണ്ടാകുന്ന നഷ്ടം നികത്തുന്നതിനുവേണ്ടി പലപ്പോഴും ബ്ലാക്കുമാർക്കറ്റിംഗും നടത്താറുണ്ടു് അതുകൊണ്ടു് ജനങ്ങൾ തിങ്ങിക്കൂടിപാർക്കുന്ന സ്ഥലങ്ങളിലെങ്കിലും അല്ലെങ്കിൽ ഓരോ താലൂക്കിൽ രണ്ടുമൂന്നു ഡിപ്പോകൾ കൂടുതലായി സ്ഥാപിക്കേണ്ടതു് അത്യാവശ്യമാണു്. മറെറാരുകാര്യം പറയാനുള്ളതു്, ഗവൺമെൻറിൽനിന്നും തൂക്കിക്കൊടുക്കുന്ന ധാന്യങ്ങൾ വാങ്ങിച്ചുകൊണ്ടുവന്നു് റീട്ടെയിൽ കച്ചവടക്കാർ തലവെട്ടി അളന്നാണു് കൊടുക്കുന്നതു്. അങ്ങിനെ കൊടുക്കുമ്പോൾ ബാക്കിവരുന്ന ധാന്യങ്ങൾ എങ്ങോട്ടു പോകുന്നു എന്നാണു് ഞാൻ ചോദിക്കുന്നതു്. എന്നാൽ അവയെല്ലാം കരിഞ്ചന്തയിൽ

LIBRARY ARCHIVES Kerala Legislative Assembly

ആണ് വിൽക്കുന്നത്. ഇതു് എനിക്കു നേരിട്ടറിയാവുന്ന ഒരു കാര്യമാണു്. മാത്രമല്ലാ, റിട്ടേയിൽ കച്ചവടക്കാരും ആയി ഇടപെട്ടവരും എന്നോടു പറഞ്ഞിട്ടുള്ള കാര്യമാണു്.

ശ്രീ. സി. കേശവൻ: ബഹുമാനപ്പെട്ട മെമ്പർ ഈ സംഗതി നേരിട്ടറിഞ്ഞിട്ടുണ്ടെന്നാണൊ പറയുന്നതു്?

ശ്രീ. പൊന്നറ ജി. ശ്രീധർ: അതെ.

ശ്രീ. കെ. എം. കോര: മെമ്പറോടു പറഞ്ഞിട്ടുള്ളവരെക്കൊണ്ടു ഈ കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരിക്കാമോ?

ശ്രീ. പൊന്നറ ജി. ശ്രീധർ: നിശ്ചയമായിട്ടും അങ്ങിനെ ചെയ്യിക്കാം. സർ, അതുകൊണ്ടു് ഈവിധം ജനങ്ങളെ ചൂഷണം ചെയ്യാനിടയാക്കാതെ വേണ്ടതു പ്രവർത്തിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. കെ. എം. കോര: മാരോ താലൂക്കിലും രണ്ടുമൂന്നു ഡിപ്പോകൾ ഇപ്പോൾ ഉണ്ടു്. കൂടുതൽ ഡിപ്പോകൾ ഉണ്ടാക്കാതിരിക്കുന്നതു ഗവണ്മെൻറിനു ലാഭമാണു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഗവണ്മെൻറിന്റെ ലാഭത്തെ നോക്കുന്നതോടുകൂടി ജനങ്ങളുടെ സൗകര്യത്തെക്കൂടി നോക്കേണ്ടതാണു്.

4 p. m.]

ശ്രീ. കെ. എം. കോര: ബഹുമാനപ്പെട്ട മെമ്പറന്മാരുടെ നിർദ്ദേശങ്ങൾ അതർഹിക്കുന്ന പ്രാധാന്യത്തോടുകൂടി പരിഗണിക്കുകയും റിട്ടേയിൽ വ്യാപാരികൾക്കു് ഉണ്ടെന്നു പറയുന്ന അവശതകൾ കഴിയുന്നതും പ്രായോഗികമായ വശങ്ങളിൽകൂടി പരിഹരിക്കുവാൻ ശ്രമിക്കുകയും ചെയ്യുകൊള്ളാമെന്നു ഉറപ്പു പറയുന്നു. ഈ ഡിമാൻറ് ഈ സഭ അംഗീകരിക്കുമെന്നു വിശ്വസിക്കുന്നു.

The question that Government be granted a sum of Rs. 1 lakh under Demand XL —Capital Outlay on schemes of Government Trading was put and carried.

The grant was made.

The Assembly adjourned at 4-2 p.m. to meet again at 11 a.m. on Wednesday the 26th September 1951

V. KRISHNAMOORTHI,
Secretary, Legislative Assembly.

LIBRARY ARCHIVES Kerala Legislative Assembly